# മൊഴിമുത്തുകൾ

# ശിവഗിരി എച്ച്.എസ്സ്.എസ്സ്

# വർക്കല

# ആമുഖം

ശാസ്ത്ര-സാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ തലയെടുപ്പോടെ നിൽക്കുന്ന കാലത്താണ് നാം ഇന്ന് ജീവിക്കുന്നത്.സാങ്കേതിക വിദ്യയുടെ വിശാലമായ വാതായനങ്ങൾ പരിചയപ്പെടാനും അതിലൂടെ തന്റെ കഴിവുകളെ വികസിപ്പിക്കാനും ലിറ്റിൽ കൈറ്റിന്റെ ഡിജിറ്റൽ മാഗസിനിലൂടെ നിങ്ങൾക്ക് സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

-പ്രധാന അധ്യാപിക

എസ്.പ്രസന്നകുമാരി

1.ആമുഖം
2.ഹായ്!കാറ്റ് -ലക്ഷ്മി സുരേഷ്
3.ഞാൻ- ആകാശ്
4.ജീവിതയാത്രയിൽ - സുധി.എം.എസ്
5.ഭൂമി - ഗോപിക.എം
6.സ്നേഹം - ആതിര.എസ്.ബി
7.സംസ്കൃതം--അഖിൽമാഷ്

## ഹായ്! കാറ്റ്

നീലനിലാവിൽ ഉലയുന്ന കാറ്റ്
ഗംഭീരമാം കാററ്
മതിലേഖയെ തഴുകും
തെങ്ങിൻ മേലെയൂയലാട്ടും കാറ്റ്
രാവിൽ പൂക്കാമരച്ചില്ല-
യിലേറുംമണിക്കാറ്റ്
ഓർമ്മകളെത്രപിന്നിട്ടു
കാട്ടുംകാട്ടരുവികളും കടന്ന്
വിജനതയിൽ നെടുവീർപ്പായും
ഒഴുകിനടക്കുംകാറ്റ്!

ലക്ഷ്മിസുരേഷ്

# ഞാൻ

കാലത്തുണരും ഞാൻ
മോണിങ് വാക്കിനിറങ്ങും ഞാൻ
നട്ടുച്ചയ്ക്ക് നടക്കും ഞാൻ
ഉച്ചതിരിഞ്ഞു മയങ്ങും ഞാൻ
വൈകിട്ടൊന്നു കുളിക്കും ഞാൻ
ഇരുളുപരന്നാലുറങ്ങീടും

ആകാശ്

# ജീവിതയാത്രയിൽ[1]

മരണത്തിനെ നേരിൽ കണ്ട ഏതാനം ദിവസങ്ങൾ.

ദുർഘടമയ വഴിയിലൂടെ അവൻ കടന്നുപോകുകയായിരുന്നു.

ഒറ്റയ്ക്കല്ല,സഹായത്തിന് ദൈവം കൂട്ടിനുണ്ടായിരുന്നു.

ആത്മവിശ്വാസത്തിന്റെ പ്രകാശം അവന്റെ ദുർഘടപാതയെ നിരപ്പാക്കി.

ആത്മവിശ്വാസ തേരിലേറി മരണത്തോട് പോരടി ജീവിതത്തിലേയ്ക്ക് വെന്നിക്കൊടി പാറിച്ചു.പ്രതിബന്ധത്തെ തകർക്കാനുള്ള ഉറച്ച മനസ്സ് ഉണ്ടെങ്കിൽ പരാജയം അരഥശൂന്യമാകും.ആത്മവിശ്വാസം എന്ന വജ്രായുധം നമുക്ക് ദൈവം സമ്മാനിച്ചിട്ടുണ്ട്.അത് ഉപയോഗിക്കുക

സുധി.എം.എസ്

1

# ഭൂമി

കിളിക്കിരിക്കാൻ മരമില്ല
കളിച്ചിരിക്കാൻ തണലില്ല
ഒളിച്ചിരിക്കാൻ കാടില്ല
ഭൂമി മരിക്കാൻ പോകുന്നു

തുള്ളി കുടിക്കാൻ ജലമില്ല
ഉള്ളിൽ നിറയ്ക്കാൻ കനിവില്ല
കാടുകളെല്ലാം നാടായി
നാടുകളോ മരുഭൂവായി

ഗോപിക.എം

സ്നേഹത്തിന്റെ കുഞ്ഞുചെടി എന്നോട് പതുക്കെപ്പറഞ്ഞു.'എന്നെ പരിപാലിക്കാമോ?' അതിനെ പരിപാലിച്ച് ,വളർച്ച പകുതിയായപ്പോൾ അവൾ എന്നോട് മൃദുസ്വരത്തിൽ ചൊല്ലി.എന്നെ ഒന്നുകൂടി ... ഒന്നുകൂടി... നന്നായി പരിപാലിക്കാമോ?

ആ ചെടിയിൽ ചേതോഹരമായ പൂക്കൾ മൊട്ടിട്ടപ്പോൾ ,
ആരെയും മനം മയക്കുന്ന സൌരഭ്യം എല്ലായിടവും ഇളംകാറ്റിനൊപ്പം ചേർന്നെത്തിയപ്പോൾ,ആ ചെടി എല്ലാവരോടും;അതിലുപരി എന്നോടുമായിപ്പറഞ്ഞു.'നിന്റെ സ്നേഹം പൂർണമായി,പൂർണമായിക്കൊണ്ടിരിക്കുന്നു.ഇനിയും പൂർണമാകേണ്ടതുണ്ട്.അവളുടെ വാക്കുകൾ ഇലകളിലൂടെ,തലോടലിലൂടെ ഞാനറിഞ്ഞു.

ആതിര.എസ്.ബി

# സംസ്കൃതം

സംസ്കൃതം ജഗത്തിലെ അതിപ്രാചീനവും സമൃദ്ധവും ശാസ്ത്രീയവുമായ ഭാഷയാണ്.സംസ്കൃതം-വാക്ക്,ഭാരതി,സുരഭാരതീ,അമരവാണി,ദേവഭാഷ,ദൈവീവാണീഎന്നീ പേരുകളിൽ പ്രസിദ്ധമാണ്.ഭാരതീയ ഭാഷകളിൽവളരെയധികം സംസ്കൃത പദങ്ങളുപയോഗിക്കുന്നു.സംസ്കൃതമാണ് അധികം ഭാരതീയഭാഷകളുടെയും ഉൽപത്തിക്ക് കാരണം.വേദ-ശാസ്ത്ര-പുരാണ-ഇതിഹാസ-കാവ്യ-നാടക ദർശനങ്ങളിലൂടെ അനന്ത വാങ്മയ രൂപത്തിൽ വിലസുകയാണ് ഈ ദേവഭാഷ.കേവലം ധർമ്മ-അർഥ-കാമ-മോക്ഷ പുരുഷാർത്ഥങ്ങൾക്ക് ഹേതുഭൂതമായ വിഷയങ്ങൾ സംസ്കൃ സാഹിത്യത്തിന്റെശോഭവർദ്ധിപ്പിക്കുന്നു.

അഖിൽമാഷ്